**സർക്കാരിന്റെ ഇ-സംഭരണ പ്രക്രിയയിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച്**

- കേന്ദ്ര സർക്കാർ ദേശീയ ഇ-ഗവേണൻസ് പദ്ധതിയിലുൾപ്പെടുത്തി മിഷൻ മോഡ് പ്രോജക്ട് ആയി നടപ്പിലാക്കിവരുന്ന സംവിധാനമാണ് ഇ-സംഭരണം.

- സർക്കാർ സംവിധാനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ ഇ-സംഭരണ പ്രക്രിയ നടപ്പിലാക്കിവരുന്നു.

- നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ ടി മിഷനാണ് സംസ്ഥാനത്ത് ഇ-സംഭരണം നടപ്പിലാക്കുന്നതിന്റെ ചുമതല നൽകിയിരിക്കുന്നത്.

- കേരള സർക്കാരിന്റെ ഇ-സംഭരണ പ്രവർത്തനങ്ങൾക്കായി www.etenders.kerala.gov.in എന്ന വെബ്സൈറ്റ് പ്രവർത്തിച്ചുവരുന്നു.

- സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും മറ്റു 25 ലക്ഷത്തിനുമേലുള്ള കരാറുകൾ ഇ-സംഭരണ പ്രക്രിയവഴി നടപ്പിലാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പദ്ധതി അവലോകനം**

- 2011 ഡിസംബർ 7 ന് ഇ-സംഭരണം സംസ്ഥാനത്ത് നിലവിൽ വന്നു.
- സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പ്രഥമ ഓൺലൈൻ ദർഘാസ് പ്രകാശിപ്പിച്ചു
- ഇതിനോടകം 4346 ഓൺലൈൻ ദർഘാസുകൾ
- കരാറുകളുടെ മൂല്യം : 2340 കോടി രൂപ
- വിവിധ വകുപ്പുകളിലെ 1500 - ൽപ്പരം ജീവനക്കാർക്ക് പരിശീലനം നൽകി
- 2300 കരാറുകാർ ഓൺലൈനിൽ രജിസ്റ്റർ ചെയ്തു

**ഇ-പേയ്മെന്റ്**

- ഇ-സംഭരണ സംവിധാനം വഴി സമർപ്പിക്കപ്പെടുന്ന കരാറുകളുടെ ടെണ്ടർ ഫീസ്, നിരതദ്രവ്യം മുതലായവ നിലവിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി സ്വീകരിക്കുന്നു.

- നിരതദ്രവ്യവും ടെണ്ടർ ഫീസും ഇ-സംഭരണ സംവിധാനവുമായി ഏകോപിപ്പിച്ച് ഇവ ഓൺലൈൻ വഴി പണമടയ്ക്കുന്നതിന് കേരളം അവസരം ഒരുക്കുന്നു.

- സുതാര്യതയും കരാറുകൾ സംബന്ധിച്ച രഹസ്യ സ്വഭാവവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് കഴിയും.

**ഇ-പേയ്മെന്റ് സംവിധാനത്തിന്റെ സവിശേഷതകൾ**

- കരാറുകാർക്ക് ടെണ്ടർഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടയ്ക്കാം

- ഇങ്ങനെ അടയ്ക്കുന്ന തുക സംസ്ഥാന സർക്കാരിന്റെ പ്രത്യേക പൂളിംഗ് അക്കൗണ്ടിലേക്ക് (ദർഘാസുകൾ തുറക്കുന്നതുവരെ) നിക്ഷേപിക്കപ്പെടുന്നു.

- ദർഘാസുകൾ തുറക്കുന്ന മുറയ്ക്ക് ടെണ്ടർ തുക ഓൺലൈനിൽ ജില്ലാ ട്രഷറിയിൽ അടയ്ക്കുന്നതിന് സൗകര്യം.

- ഏറ്റവും കുറഞ്ഞ നിരക്കുകൾ സമർപ്പിച്ചിട്ടുള്ള രണ്ട് കരാറുകാരുടെ നിരതദ്രവ്യം മാത്രം കരാറുകൾ അലോട്ട് ചെയ്യുന്നതുവരെ പൂളിംഗ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടി വരികയുള്ളൂ.

- തെരഞ്ഞെടുക്കപ്പെട്ട കരാറുകാരന്റെ നിരതദ്രവ്യം ഓൺലൈനിൽ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള സൗകര്യം.

- വിവിധ ഘട്ടങ്ങളിൽ തെരഞ്ഞെടുക്കപ്പെടാതെ വരുന്ന കരാറുകാരുടെ നിരതദ്രവ്യം ഉടൻതന്നെ ഓൺലൈനിൽ മടക്കി നൽകുന്നതിനുള്ള സൗകര്യം.

**ഇ-പേയ്മെന്റ് സംവിധാനത്തിന്റെ മെച്ചം, സൗകര്യം**

- കരാറുകാർക്ക് ഓഫീസുകൾ കയറിയിറങ്ങാതെ ഓൺലൈനിൽ കരാറുകൾ സമർപ്പിക്കാൻ സാധിക്കുന്നു.

- ദർഘാസുകൾ തുറക്കുന്ന സമയത്തുമാത്രം വിശദാംശങ്ങൾ ലഭിക്കുന്നതിനാൽ ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കാൻ കഴിയുന്നു.

- പരമ്പരാഗത സംവിധാനങ്ങളിൽ വിപ്ലവകരമായ മാറ്റം.

- നിർദ്ദിഷ്ട സർക്കാർ അക്കൗണ്ടിലേക്ക് യഥാസമയം പണം എത്തിച്ചേരുന്നു എന്ന ഉറപ്പ്.

- ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഡിമാന്റ്ഡ്രാഫ്റ്റുകൾ സ്വീകരിക്കുക, കാത്തു സൂക്ഷിക്കുക, സർക്കാരിലേയ്ക്ക് അടയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഒഴിവാകുന്നു.

- സർക്കാരിലേക്ക് പണം അടയ്ക്കുന്നതിനുള്ള കടലാസ് രഹിത സംവിധാനം.

- തെരഞ്ഞെടുക്കപ്പെടാത്ത കരാറുകാർക്ക് ഓൺലൈനിൽ പണം റീഫണ്ട് ചെയ്യപ്പെടുന്നു.